വരും വർഷത്തെ നികുതി വരുമാനവും നികുതിയിതര വരുമാനവും നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

5 (1057) ശ്രീ. ഡി. സുഗതൻ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ വരും വർഷത്തെ നികുതി വരുമാനവും നികുതിയിതര വരുമാനവും ഇത്ര വീതമായിരിക്കുമെന്ന് ലക്ഷ്യം വയ്ക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) 2002-2003-ലെ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ 2001-2002-ലെ വില്പന നികുതി വരവിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് എത്രയായിരുന്നു ;

(സി) 2002-2003-ൽ പിരിച്ചെടുക്കാമെന്ന് പ്രതീക്ഷിച്ച വിൽപ്പന നികുതി എത്രയായിരുന്നു ;

(ഡി) 2002-2003-ൽ യഥാർത്ഥത്തിൽ പിരിച്ചെടുത്ത വിൽപ്പന നികുതി എത്രയായിരുന്നു ;

(ഇ) ഇത് മുൻവർഷത്തെക്കാൾ എത്ര കണ്ട് കൂടുതലായിരുന്നു ?

ഉത്തരം

(എ) മുൻ വർഷത്തെ യഥാർത്ഥ വരുമാന വളർച്ചയും, നടപ്പു വർഷത്തെ വളർച്ചാ നിരക്കും, നികുതി ഘടനയിലും യൂസർ ഫീ, സർവ്വീസ് ചാർജ്, മറ്റു ഫീസുകളിലും പ്രതീക്ഷിക്കുന്ന മാറ്റങ്ങളുടെ അടിസ്ഥാനത്തിലും വകുപ്പു മേധാവി നൽകുന്ന എസ്റ്റിമേറ്റുകളുടെ അടിസ്ഥാനത്തിലാണ് വരും വർഷത്തെ വരുമാനം ലക്ഷ്യം വയ്ക്കുന്നത്.

(ബി) 4865.51 കോടി രൂപ.

(സി) 5600 കോടി രൂപ.

(ഡി) 31-3-2003 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം 5340.22 കോടി രൂപ.

(ഇ) 900 കോടി രൂപ.

വിഭവസമാഹരണത്തിനായി പുതുതായി ഏർപ്പെടുത്തിയ നികുതികൾ

6 (1058) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തന്നാണ്ടിലേക്ക് ബഡ്ജറ്റിലൂടെ സർക്കാർ കൊണ്ടുവന്ന പുതിയ നികുതി നിർദ്ദേശങ്ങൾക്കുപുറമേ, പുതുതായി എന്തെല്ലാം കാര്യങ്ങളിൽ എന്തെല്ലാം നിലയിലുള്ള നികുതികൾ ഏർപ്പെടുത്തുകയുണ്ടായി ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ധനകാര്യബിൽ നിയമമായതിനുശേഷം വിഭവ സമാഹരണത്തിനായി സർക്കാർ പുതുതായി ഏർപ്പെടുത്തിയ നികുതികളും മറ്റ് നിലവിലുള്ള ഫീസുകളും എന്തൊക്കെയാണ് ;

(സി) പ്രസ്തുത നടപടികളിലൂടെ ഈ സാമ്പത്തികവർഷം എന്തുതുക അധികമായി സമാഹരിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ) 30-04-2003-ൽ പുറപ്പെടുവിച്ച G.O.(P) 74/03/T.D. ഉത്തരവ് പ്രകാരം ഡ്രഗ്സ് ആന്റ് സൈക്കോട്രോപ്പിക് സബ്സ്റ്റൻസസ് നിയമത്തിന്റെ കീഴിൽ വരുന്ന ലൈസൻസുകൾക്കും പെർമിറ്റുകൾക്കും ഫീസ് വർദ്ധനവ് വരുത്തുകയും പുതുതായി ഫീസ് ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) മൂല്യവർദ്ധിത നികുതി സമ്പ്രദായം നടപ്പിലാകാത്ത സാഹചര്യത്തിൽ 1-7-2003 മുതൽ 15% അധിക വിൽപ്പന നികുതി വീണ്ടും ഏർപ്പെടുത്തുന്നതിനുള്ള നടപടി ക്രമങ്ങൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) 225 കോടിയോളം രൂപ അധികമായി സമാഹരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

അസറ്റ് റിന്യൂവൽ ഫണ്ട്

7 (1059) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അസറ്റ് റിന്യൂവൽ ഫണ്ട് പ്രത്യേകമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടായിരുന്നുവോ ;

(ബി) എങ്കിൽ ഈ ഫണ്ട് ഏതെല്ലാം അസറ്റ് റിന്യൂ ചെയ്യുന്നതിലേക്ക് എത്ര വീതം ചെലവഴിക്കുകയുണ്ടായെന്നു വിശദമാക്കാമോ ;

(സി) സ്വകാര്യ പങ്കാളിത്തത്തോടുകൂടി ഈ ഫണ്ട് ഏതെങ്കിലും അസറ്റ് റിന്യൂ ചെയ്യുന്നതിനായി ഉപയോഗിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഏതെല്ലാം സ്വകാര്യ ഏജൻസി വഴി ഏതെല്ലാം അസറ്റ് റിന്യൂ ചെയ്യുകയുണ്ടായെന്നു വിശദമാക്കാമോ ;

(ഇ) ഇതിലേക്ക് ഇപ്പോൾ പരിഗണിച്ചു വരുന്ന ഉപാധികൾ ഏതൊക്കെ ?

ഉത്തരം

(എ) ഉണ്ടായിരുന്നു.

(ബി) ചെലവഴിച്ചിട്ടില്ല.

(സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ) അസറ്റ് റിന്യൂവൽ ഫണ്ട് ബോർഡിന്റെ നിയമങ്ങളും ചട്ടങ്ങളും രൂപീകരിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly